ശരാശരി 30 ചതുരശ്ര മീറ്ററിലുള്ള

ആലപ്പുഴ ജില്ലാ ജൂനിയർ
ബേസ്ബോൾ ചാംപ്യൻഷിപ്
ജില്ലാ ജൂനിയർ ബേസ്ബോൾ
ചാംപ്യൻഷിപ് NTPC ഗ്രൗണ്ട്
നങ്ങ്യാർകുളങ്ങരയിൽ വെച്ച്
ആഗസ്റ്റ് 31, സെപ്റ്റംബർ 1,2
തീയതികളിൽ നടത്തപ്പെടുന്നു.
ഓൺലൈൻ രെജിസ്ട്രേഷൻ
നടത്തിയവർക്ക് ഈ മത്സര
ത്തിൽ പങ്കെടുക്കാം .

## ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

# എം കെ എം എച്ച് എസും ബഥനിയും ജേതാക്കൾ



ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ജേതാക്കൾക്ക് ട്രോഫി വിതരണം ചെയ്യുന്നു

കായംകുളം | 23ാമത് ആലപ്പുഴ ജില്ലാ ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പ് കായംകുളം എൻ ടി പി സി ഗ്രൗണ്ടിൽ നടന്നു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് അസീം നാസർ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ഡോ. അൻസാരി അദ്യക്ഷത വഹിച്ച ചടങ്ങിൽ സുബൈദാർ നിഹാസുദീൻ മുഖ്യപ്രഭാഷണം നടത്തി. അസ്സോസിയേഷൻ ഭാരവാഹികളായ ഷുക്കൂർ വഴിച്ചേരി, നവാസ് ഇസ്മായിൽ, അൻഷാജ് നാസർ, സജിത്, റോയ് മോൻ ജോണി സംസാരിച്ചു.

12 ടീമുകൾ പങ്കെടുത്ത മത്സരങ്ങളിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ നിലവിലെ ചാമ്പ്യൻമാരായ എം കെ എം എച്ച് എസ് പല്ലന ഫ്യൂച്ചറിസ്റ്റിക് സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി കിരീടം നിലനിർത്തി. പെൺകുട്ടികളുടെ വിഭാഗത്തിൽ ബഥനി സ്കൂൾ നങ്ങ്യാർകുളങ്ങര ഒന്നാം സ്ഥാനവും ബിഷപ് ഹോഡ്ജസ് രണ്ടാം സ്ഥാനവും നേടി. വിജയികൾക്ക് ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്ര അസീം നാസർ ട്രോ സമ്മാനിച്ചു.